- സമൂഹത്തിൽ ഏറ്റവും അധികം പാർശ്വവത്ക്കരിക്കപ്പെടുന്ന വർക്ക് പ്രത്യേക പരിഗണനയും സംരക്ഷണവും പിന്തുണാ സംവിധാനവും ഉറപ്പാക്കുന്നതിനായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിന് കുടുംബശ്രീ ബൈലോയിൽ ഭേദഗതി വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള ശാരീരിക-മാനസിക വൈകല്യങ്ങൾ നേരിടുന്നവർക്കുപുറമേ പാരാപ്ലീജിയ രോഗികൾ, എച്ച്.ഐ.വി. എയ്ഡ്സ് ബാധിതർ എന്നിവരെയും കൂടി കുടുംബബശ്രീ സംഘടനാ സംവിധാന ത്തിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനും അവർക്ക് പിന്തുണ നൽകുന്നതിനുമായി തിരുവനന്തപുരം, മലപ്പുറം, എറണാകുളം ജില്ലകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ജെൻഡർ ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ചു.

(ബി) കുടുംബശ്രീ മുഖേന നടപ്പാക്കുന്ന ആശ്രയ, സ്നേഹിത എന്നീ പദ്ധതികൾ ലക്ഷ്യമിടുന്നത് രണ്ടു വ്യത്യസ്ത മേഖലകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ്. അതിനാൽ ഇവയുടെ ഏകോപനം സാധ്യമല്ല.

(സി) സമ്പൂർണ്ണ അയൽക്കൂട്ടത്തിന്റെ ഭാഗമായി തീരദേശ മേഖലകളിൽ തിരുവനന്തപുരം, ആലപ്പുഴ, കൊല്ലം ജില്ലകളിൽ അയൽക്കൂട്ടം രൂപീകരിച്ചു കഴിഞ്ഞു. ആദിവാസി മേഖലകളിൽ പ്രത്യേക ട്രൈബൽ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. കുടുംബശ്രീയും ട്രൈബൽ വകുപ്പും സംയുക്തമായി സുസ്ഥിര വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഇത് കൂടാതെ ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതിയുടെ ഭാഗമായി എല്ലാ ആദിവാസി ഊരുകളിലും (കേരളത്തിലെ 4686 ഊരുകളിൽ) ആദിവാസി മേഖലകളിൽ ട്രൈബൽ മൈക്രോ ലെവൽ പ്ലാനിംഗ് (ഊരുതല സൂക്ഷ്മതല പദ്ധതി രൂപീകരണം) സംസ്ഥാനതല പരിശീലനങ്ങൾ പൂർത്തിയായിട്ടുണ്ട്. ജില്ലാതല പരിശീലനങ്ങൾ സംഘടിപ്പിച്ചുവരുന്നുണ്ട്. പട്ടികവർഗ്ഗ വികസനവകുപ്പും കുടുംബശ്രീയും സംയുക്തമായി നടപ്പിലാക്കുന്ന, പണിയവിഭാഗങ്ങൾക്ക് 100 ദിവസം മൂന്നുനേരം ഭക്ഷണം നൽകുന്ന പദ്ധതി പ്രകാരം 4 ജില്ലകളിൽ (കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ) 100 പണിയ കോളനികളിൽ 100 ദിവസം എന്ന രീതിയിൽ പണിയശതദിന പരിപാടി അനൗപചാരിക പഠനാലയമുഖേന നടപ്പിലാക്കിവരുന്നു.

കുടുംബശ്രീയിൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

213 (7512) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ, അഗതി കുടുംബങ്ങൾ ഉൾപ്പെടെ നിരവധി ദരിദ്ര കുടുംബങ്ങൾ ഇനിയും ഭാഗഭാക്കായിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാഹചര്യത്തിന് അനുയോജ്യമായ പ്രത്യേക പരിപാടികൾ ആവിഷ്കരിക്കാമോ ;

(സി) കുടുംബശ്രീക്ക് നൂതന തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മതിയായ വിദഗ്ദ്ധരുടെയും സാങ്കേതികവിദ്യയുടെയും അഭാവം ഉള്ളതായി അറിയാമോ ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ ; കൂടുതലായി കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. അഗതി കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും അവരുടെ അതിജീവന, ഉപജീവന ആവശ്യങ്ങൾ നിറവേറ്റുന്നതിനുമായി കുടുംബശ്രീ 2003-ൽ ആശ്രയ പദ്ധതിക്ക് രൂപം നൽകി. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീ/വിവിധ സർക്കാർ/ അർദ്ധ സർക്കാർ/സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടു കൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്.

(ബി) ഒന്നാംഘട്ട പദ്ധതിയിൽ അർഹരായ മുഴുവൻ അഗതികളും ഉൾപ്പെട്ടിട്ടില്ലായെന്ന് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ, ഒന്നാം ഘട്ടത്തിൽ ഉൾപ്പെടാതെപോയ മുഴുവൻ അഗതി കുടുംബങ്ങളെയും ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടാം ഘട്ട ആശ്രയ പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപന അധികാരികൾക്ക് ഇതിനുള്ള പരിശീലനം കുടുംബശ്രീ മുഖാന്തിരം നൽകിയിട്ടുണ്ട്. അതനുസരിച്ച് 346 തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും രണ്ടാംഘട്ട ആശ്രയ പദ്ധതിക്കുള്ള നിർദ്ദേശങ്ങൾ ലഭ്യമായതിൽ 240 തദ്ദേശഭരണ സ്ഥാപനങ്ങളുടെ രണ്ടാംഘട്ട ആശ്രയ പദ്ധതികൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതുമൂലം 19724 ഗുണഭോക്താക്കൾക്ക് ആയതിന്റെ ആനുകൂല്യം ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) നൂതന തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മതിയായ വിദഗ്ദ്ധരുടെ സേവനവും സാങ്കേതികവിദ്യയും ലഭ്യമാക്കുന്നതിന് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻ & ഫൈനാൻസ് (ഗിഫ്റ്റ്) മുഖാന്തിരം വൈദഗ്ദ്ധ്യ പരിശീലന സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾക്ക് ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പഞ്ചായത്തുമായി സഹകരിച്ച് കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly